കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഡോ.എം.കെ.മുനീർ എം.എൽ.എ.യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.3729/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 21/11/2017

പരാമർശം :- (1) 11.06.2012-ലെ ജി.ഒ.(പി.)നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.09.2017 ലെ CE/R&B/KKD/2017/4836/PRICE നമ്പർ കത്ത്.

ഉത്തരവ്

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം "മെഡിക്കൽ കോളേജിൽ നിന്നും ദേവഗിരി കോളേജിലേക്ക് പോകുന്ന റോഡ് പുനരുദ്ധാരണം" എന്ന പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തിക്ക് കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഡോ.എം.കെ.മുനീർ എം.എൽ.എ. യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഡോ.എം.കെ.മുനീർ എം.എൽ.എ.യുടെ 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തിവികസന പദ്ധതിയിൽ നിന്നും " Project ID:3092, മെഡിക്കൽ കോളേജിൽ നിന്നും ദേവഗിരി കോളേജിലേക്ക് പോകുന്ന റോഡ് പുനരുദ്ധാരണം" എന്ന പ്രവൃത്തി PWD ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 25 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3 ആയതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

മിനിമോൾ.ഡി

ഡെപ്യൂട്ടി സെക്രട്ടറി

ഡോ.എം.കെ.മുനീർ എം.എൽ.എ., കോഴിക്കോട് സൗത്ത് നിയോജക മണ്ഡലം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വകുപ്പ്.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് നഗരസഭ.

ധനകാര്യ വകുപ്പ് (1299/എൻ.സി.സി.2/2017/ധന)

ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ